(എ) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്ത് അവർക്ക് കൈവശാവകാശ രേഖ നല്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്ത് അവർക്ക് കൈവശാവകാശരേഖ നൽകുവാൻ നടപടിയെടുക്കുമോ;

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ)-(സി) ഉണ്ട്. 1980 ന് മുൻപ് വനഭൂമി കൈവശം വച്ചിരുന്ന പട്ടിക വർഗ്ഗക്കാരായ കുടുംബങ്ങൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി അവർ കൈവശം വയ്ച്ചു വരുന്ന വനഭൂമിക്ക് കൈവശ രേഖ നൽകുന്നതിന് 97-ൽ ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കൈവശരേഖ നൽകിവരുന്നു.

18 (*522) സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിഷന് വൈദ്യുതി വിതരണ രംഗത്തുള്ള നിയന്ത്രണാധികാരങ്ങൾ എന്തൊക്കെയാണ്;

(സി) കമ്മിഷൻ നിലവിൽ വന്നിട്ടില്ലെങ്കിൽ ഇത്തരം ഒരു കമ്മിഷൻ രൂപവൽക്കരിക്കുന്നകാര്യം ആലോചനയിലുണ്ടോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ):

(എ) ഉണ്ട്.

(ബി)&(സി) റെഗുലേറ്ററി കമ്മിഷൻ രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

19 (*523) സ്കൂളുകളിലെ കായിക പരിശീലനം

ശ്രീ. എം. ദാസൻ :
ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ കായികശേഷി പരിശോധിക്കുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ കായികശേഷി പരിപോഷിപ്പിക്കുന്നതിന് സ്കൂളുകളിൽ കൂടുതൽ കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly